# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*186 11.03.2020-ൽ മറുപടിയ്ക്ക്

<u>പ്രവാസി ചിട്ടി</u>

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>,, പി.ടി. തോമസ്<br>,, വി.ഡി.സതീശൻ<br>,, കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പണം സ്വരൂപിക്കുവാൻ ആരംഭിച്ച പ്രവാസി ചിട്ടി വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ; | (എ) | അതെ പ്രവാസിച്ചിട്ടി വിജയ വഴിയിൽ തന്നെയാണ്. 2016-17 ലെ കേരള ബഡ്ജറ്റിലാണ് ഗവൺമെന്റ് പ്രവാസി ചിട്ടി എന്ന ആശയം മുന്നോട്ട് വെച്ചത്. 2018 നവംബർ മാസത്തിൽ ആരംഭിച്ച പ്രവാസി ചിട്ടിയിൽ 03.03.2020 വരെ 481 ചിട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ചിട്ടികളിൽ 14808 ചിറ്റാളന്മാരുണ്ട്. ഇതുവരെ രജിസ്റ്റർ ചെയ്ത ആകെ പ്രതിമാസ ചിട്ടി സല 21.448 കോടിയും സ്വരൂപിച്ച തുക 152.69 കോടി രൂപയും ആണ്. ഇതിൽ നിന്നും 107.208 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയുക്തമാക്കാൻ കിഫ്ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 1,39,844 പേർ ചിട്ടിയിൽ ചേരുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ച് കാൾ സെന്ററുമായി ബന്ധപ്പെട്ടിട്ടുണ്ട് (Leads). ഇതിൽ 50,533 പേർ ചിട്ടിയിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ട് വന്നിട്ടുണ്ട് (Registered). അതിൽ തന്നെ 31957 പേരുടെ KYC പ്രക്രിയ പൂർത്തിയായിട്ടുണ്ട് (KYC completed). ശേഷിക്കുന്നവരെ ബന്ധപ്പെട്ട് കൊണ്ട് KYC പ്രക്രിയകൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇതുവരെ 4098 ഓൺലൈൻ ചിട്ടി |

| | | | |
|---|---|---|---|
| | | | ലേലവും നടന്നു കഴിഞ്ഞു. കുറഞ്ഞ കാലാവധിക്കുള്ളിൽ തന്നെ ഇത്രയും ചിട്ടികൾ രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞത് പ്രവാസികൾക്കിടയിൽ ഈ ചിട്ടിയുടെ സ്വീകാര്യത സൂചിപ്പിക്കുന്നതാണ്. കേരളത്തിന്റെ വികസനത്തിനു വേണ്ടിയുള്ള ധനസമാഹരണം കൂടി ലക്ഷ്യം വെച്ച് കൊണ്ട് പൂർണ്ണമായും നൂതനമായ പ്ലാറ്റ്ഫോമിൽ തയ്യാറാക്കിയിട്ടുള്ള ഒരു innovative product ആണ്. പ്രവാസിച്ചിട്ടി ദീർഘ കാലാടിസ്ഥാനത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ പോന്ന പ്രവാസി ചിട്ടിയ്ക്ക് വിജയത്തുടക്കം തന്നെയാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | ഇതിനകം എത്ര പ്രവാസികൾ പ്രസ്തുത ചിട്ടിയിൽ രജിസ്റ്റർ ചെയ്തെന്നും അതിൽ എത്ര പേർ ചിട്ടി തുക അടച്ച് അംഗമായെന്നും വെളിപ്പെടുത്താമോ; | (ബി) | ഇതിനകം 50,533 പേർ പ്രവാസി ചിട്ടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 14808 പേർ ചിട്ടി തുക അടച്ച് അംഗമായിട്ടുണ്ട് . |
| (സി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | (സി) | പ്രവാസി ചിട്ടിയുടെ മൂല്യവർദ്ധിത സേവനങ്ങളായി പതിനായിരം രൂപയോ അതിനു മുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടക്കുന്ന വരിക്കാർക്കായി കേരളാ പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ അംശാദായം (പ്രതിമാസം 300 രൂപ വരെ) കെ.എസ്.എഫ്.ഇ വഹിക്കും. ചിട്ടി കിട്ടിയ ചിറ്റാളന് ജീവഹാനി സംഭവിച്ചാൽ 10 ലക്ഷം രൂപ വരെയുള്ള മേൽ ബാധ്യത കെ.എസ്.എഫ്.ഇ വഹിക്കും. ഇന്ത്യക്കു പുറത്തുള്ള പ്രവാസി വരിക്കാർക്ക് ദൗർഭാഗ്യവശാൽ ജീവഹാനി സംഭവിക്കുകയാണെങ്കിൽ ഭൗതീക ശരീരം സ്വദേശത്ത് എത്തിക്കുന്നതിന്, അനുഗമിക്കുന്ന ഒരാളുടെ ചെലവ് ഉൾപ്പെടെ ഇക്കോണമി ക്ലാസ് വിമാന ചെലവ് (പരമാവധി 1 ലക്ഷം രൂപ വരെ) |

| | | | |
|---|---|---|---|
| | | | കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്. |
| (ഡി) | ചിട്ടിയിൽ നിന്നുള്ള ഫ്ളോട്ട് ഫണ്ട് വഴി കിഫ്ബി ബോണ്ടുകളിലേക്ക് ഇതിനകം എത്ര തുക സ്വരൂപിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ; | (ഡി) | പ്രവാസി ചിട്ടി വഴി കിഫ്ബി ബോണ്ടുകളിൽ 107.208 കോടി രൂപ, താഴെപ്പറയുന്ന രീതിയിൽ സ്വരൂപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>ഡെപ്പോസിറ്റ് ബോണ്ട് - 85.60<br>ചിട്ടി സെക്യൂരിറ്റി ബോണ്ട് - 21.608<br>107.208 |
| (ഇ) | പ്രവാസി ചിട്ടി നടപ്പിൽ വരുത്തുന്നതിനായി കെ.എസ്.എഫ്.ഇ. ക്ക് ഇതിനകം എന്ത് തുക ചെലവ് വന്നുവെന്ന് വിശദമാക്കാമോ; | (ഇ) | 31.03.2019 ലെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രകാരം പ്രവാസി ചിട്ടി നടപ്പിൽ വരുത്തുന്നതിനായി പരസ്യ ചെലവിനത്തിൽ 4.24 കോടി രൂപയും, എൻ.ആർ.ഐ ബിസിനസ് സെന്റർ തുടങ്ങുന്നതിലേക്കായി 1.66 കോടി രൂപയും കെ.എസ്.എഫ്.ഇ. ക്ക് ചെലവു വന്നിട്ടുണ്ട്. |
| (എഫ്) | സർക്കാരിന് ഇക്കാര്യത്തിൽ ഉണ്ടായ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്താമോ? | (എഫ്) | സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ചെലവ് ഉണ്ടായിട്ടില്ല. |

Puja

സെക്ഷൻ ഓഫീസർ